അംഗങ്ങളാണ്. ചട്ടം 7(3) പ്രകാരമാണ് വരണാധികാരിയെ നിശ്ചയിക്കുന്നത്. പോലീസ് അസോസ്സിയേഷൻ പൂർണ്ണമായും ഒരു രാഷ്ട്രീയേതര സംഘടനയാണ്. അസോസ്സിയേഷന്റെ ചട്ടങ്ങളിലെ ഉദ്ദേശലക്ഷ്യങ്ങളിൽ ചട്ടം (5) ഇത് വ്യക്തമാക്കുന്നുണ്ട്. കേരള പോലീസ് ആക്ടിന്റേയും പോലീസ് ഫോഴ്സിന്റെയും പരിധിക്കുള്ളിൽ നിന്നാണ് അസോസ്സിയേഷൻ പ്രവർത്തിച്ചു വരുന്നത്. അസോസ്സിയേഷന്റെ അംഗങ്ങൾതന്നെ അവരുടെയിടയിൽനിന്നുള്ള ഒരാളെ വരണാധികാരിയാക്കി തെരഞ്ഞെടുക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിൽ യാതൊരു രാഷ്ട്രീയവുമില്ല. സർക്കാരോ ഡിപ്പാർട്ടുമെന്റ് മേലധികാരികളോ തെരഞ്ഞെടുപ്പ് നടത്തിപ്പിൽ ഇടപെട്ടിട്ടുമില്ല. കേരളാ പോലീസ് അസോസ്സിയേഷന്റെ ഭരണഘടന അനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബഹുമാനപ്പെട്ട കെ. ബാബു പറഞ്ഞ പ്രോക്സി വോട്ടിന്റെ പ്രശ്നം പത്രത്തിൽ ഒരു വാർത്ത കണ്ടതിന്റെയടിസ്ഥാനത്തിൽ ഞാൻ പരിശോധിച്ചു. 7(2) (ബി)(6) പ്രകാരം യോഗ്യതയുള്ള ഏതെങ്കിലും അംഗത്തിന് രോഗംമൂലമോ അവധിമൂലമോ ഡ്യൂട്ടിമൂലമോ തെരഞ്ഞെടുപ്പ് സ്ഥലത്തുനിന്ന് അകന്ന് നിൽക്കേണ്ടിവരുമ്പോൾ തന്റെ സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിന് തന്റെ നിയോജകമണ്ഡലത്തിലെ യോഗ്യതയുള്ള ഒരു അംഗത്തിനെ തന്റെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഒപ്പോടുകൂടി രേഖാമൂലം അധികാരപ്പെടുത്താം. ഇതിനെയാണ് സാധാരണയായി പ്രോക്സി വോട്ട് എന്നുപറയുന്നത്. പ്രോക്സി വോട്ട് വിരട്ടി വാങ്ങുന്നു എന്ന ഒരു വാർത്ത ഒരു പത്രത്തിൽ വന്നിരുന്നു. ഇത് സംബന്ധിച്ച് ഒരു പരാതിയും ഇതുവരെ ലഭിച്ചിട്ടില്ല. ഈ പരാതി പ്രത്യേകം ശ്രദ്ധിക്കാം. ഔദ്യോഗികപക്ഷം എന്ന ഒരു പക്ഷമില്ല.

(4) കൺവെൻഷൻ സെന്റർ

ശ്രീ. എ. പ്രദീപ് കുമാർ : സർ, കോഴിക്കോട് നഗരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺവെൻഷൻ സെന്റർ നിർമ്മിക്കണമെന്നുള്ള ആവശ്യം നേരത്തെ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. കോഴിക്കോട് നഗരം ഇന്ന് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു നഗരമാണ്. ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ നാലുവർഷത്തെ വികസന പ്രവർത്തനങ്ങൾ വളർച്ചയുടെ ഗതിവേഗം അത്ഭുതകരമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ തുടക്കം കുറിച്ചിട്ടുള്ള സൈബർ പാർക്കുകൾ, പ്രവൃത്തി ആരംഭിക്കാനിരിക്കുന്ന അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് ഇതെല്ലാം തന്നെ ഈ നഗരത്തെ മെട്രോപൊളിറ്റൻ സിറ്റിയുടെ ഭാവത്തിലേയ്ക്ക് മാറ്റാൻ ഇടയുള്ള പ്രവൃത്തികളാണ്. കോഴിക്കോട് യൂണിവേഴ്സിറ്റി, ഐ.ഐ.എം., എൻ.ഐ.ടി തുടങ്ങിയ ഇന്റർനാഷണൽ സ്റ്റാന്റേർഡുള്ള സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ്, ഇന്റർനാഷണൽ എയർപോർട്ടിന്റെ സാമീപ്യം ഇതെല്ലാം കോഴിക്കോട് നഗരത്തിൽ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലുമുള്ള നിരവധി സമ്മേളനങ്ങൾ, സെമിനാറുകൾ സാംസ്ക്കാരിക പരിപാടികൾ, എക്സിബിഷനുകൾ എല്ലാം നടത്തുന്നതിനുള്ള വേദിയാക്കേണ്ടിവരാറുണ്ട്. അവിടെ അതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് പല പ്രോഗ്രാമുകളും നമുക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഈ ഒരു പശ്ചാത്തല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിലാണ് അവിടെ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിതന്നെ പ്രത്യേകം താൽപ്പര്യമെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ഏക്കർ സ്ഥലത്ത് ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനത്തിനുവേണ്ടി പറഞ്ഞിരുന്നു. പക്ഷേ അതിന്റെ പ്രവർത്തനം നമ്മൾ ആഗ്രഹിച്ച നിലയിൽ വേഗതയിൽ പോയിട്ടില്ല. അക്കാര്യത്തിൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണം. ഇത് കോഴിക്കോട് നഗര ജീവിതത്തിൽ അനിവാര്യമാണ് എന്നുള്ളതാണ് എനിക്ക് സബ്മിഷനായി ഇവിടെ ഉന്നയിക്കാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഇൻകെൽ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിന് 26-7-2008-ലെ സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകുകയുണ്ടായി. തുടർന്ന് 31-8-2009-ലെ സർക്കാർ ഉത്തരവു പ്രകാരം കോഴിക്കോട് വെള്ളയിലെ കേരള സോപ്സ് ആന്റ് ഓയിൽസിന്റെ കൈവശമുള്ള 3.37 ഏക്കർ സ്ഥലത്ത് കിൻഫ്രയും-ഇൻകെലുമായി ചേർന്ന് സംയുക്ത സംരംഭത്തോടെ പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകി. 17-6-2010-ന് സംസ്ഥാന സർക്കാരും കിൻഫ്രയും ഇൻകെലും കെ. എസ്.ഒ യും ചേർന്ന് ഒരു എഗ്രിമെന്റിൽ ഏർപ്പെട്ടുകൊണ്ട് പ്രസ്തുത ഭൂമി ഇൻകെൽ-കിൻഫ്ര സംയുക്ത സംരംഭത്തിന് കൈമാറുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് 100 കോടി രൂപ മുതൽ മുടക്കിൽ ഇൻകെൽ കിൻഫ്രയുമായി ചേർന്ന് ഒരു കൺവെൻഷൻ സെന്ററും താമസ സൗകര്യവും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ട ഡിസൈനും മറ്റു കാര്യങ്ങളും തീരുമാനിച്ചുകഴിഞ്ഞു. കൺവെൻഷൻ സെന്ററിൽ 1250-1500 പേർക്ക് ഇരിപ്പിടസൗകര്യവും 150-പേർക്ക് താമസസൗകര്യവുമുണ്ടായിരിക്കും. ഇതുസംബന്ധിച്ച പ്രാരംഭ നടപടികളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. നിയമപരമായ അനുമതിക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2010-2011 സാമ്പത്തിക വർഷത്തിൽത്തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(5) നടരാജന്റെ ദുരൂഹ മരണം

ശ്രീ. സി. പി. മുഹമ്മദ് : സർ, ഈ സബ്മിഷൻ പട്ടികജാതി വികസനവകുപ്പുമന്ത്രിയും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ ഷോളയൂർ പഞ്ചായത്തിലെ വെള്ളംകുളം ആദിവാസി ഊരിൽ നടരാജൻ വെന്തുമരിച്ച അതിദാരുണമായ സംഭവമുണ്ടായി. തീവയ്പിനു മുമ്പ് ഈ പ്രദേശത്തേയ്ക്കുള്ള ജലവിതരണ പൈപ്പ് പൊട്ടിക്കുകയും ജലവിതരണം തടസ്സപ്പെടുത്തുകയും ചെയ്തു. അടുത്തുള്ള കുടിലുകൾ കത്തി നശിച്ചു. കത്തിയ നിലയിൽ മരിച്ചുകിടന്നിരുന്ന സ്ഥലത്തിനടുത്തുള്ള ഇരുമ്പുമേശയിൽ ഒരു കെട്ട് നോട്ട് ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ പോലീസ് അത് രേഖപ്പെടുത്തിയിട്ടില്ല. അഞ്ച് ലക്ഷം രൂപ ഈ കുടുംബ